## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29.05.2019 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 592**

### വ്യവസായലോണുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ് :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് വൻകിട, ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനായി നല്കിവരുന്ന ലോണുകൾ/സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; | (എ) & (ബി) | (1) **വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**<br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം MSME മേഖലയ്ക്ക് നൽകി വരുന്ന പ്രധാന ധനസഹായ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. **സംരംഭകത്വ സഹായ പദ്ധതി**<br>a) സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായപദ്ധതി നടപ്പിലാക്കി വരുന്നു.<br>b) പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നല്കുന്നു (പരമാവധി 20 ലക്ഷം രൂപ). വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നല്കുന്നു(പരമാവധി 30 ലക്ഷം രൂപ). മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സാമ്പത്തിക സഹായം നല്കും.<br>c) ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% (പരമാവധി 10 ലക്ഷം രൂപ) അധിക സഹായം നല്കി വരുന്നു.<br>2. **ഗാർഹിക നാനോ സംരംഭങ്ങൾക്കുള്ള പലിശ സബ്സിഡി:**<br>ഗാർഹിക നാനോ സംരംഭങ്ങൾക്ക് 6% മുതൽ 8 % വരെ പലിശ സബ്സിഡി അനുവദിക്കുന്നു. |
| (ബി) | ഇക്കാലയളവിൽ സംസ്ഥാനത്ത് വൻകിട/ ചെറുകിട വ്യവസായങ്ങൾ തുടങ്ങുവാനായി യുവാക്കൾക്കും വനിതകൾക്കും നല്കിവരുന്ന ലോണുകൾ /സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് പ്രത്യേകം പ്രത്യേകം അറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | **3. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി. (ആഷ പദ്ധതി)** കരകൗശല മേഖലയിലെ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സ്ഥിരമൂലധനത്തിന്റെ 50% വരെ സബ്സിഡി അനുവദിക്കുന്നു<br>മേൽ വിവരിച്ച പദ്ധതികളുടെ ആനുകൂല്യങ്ങൾക്ക് യുവാക്കൾക്കും വനിതകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. സംരംഭക സഹായ പദ്ധതി പ്രകാരം ജനറൽ കാറ്റഗറിയ്ക്ക് 15% സബ്സിഡി ലഭിക്കുമ്പോൾ വനിതകൾ/ യുവാക്കൾ എന്നിവർക്ക് 20% സബ്സിഡി ലഭിക്കുന്നു. ഗാർഹിക നാനോ പദ്ധതി പ്രകാരം ജനറൽ കാറ്റഗറിയ്ക്ക് 6% പലിശ സബ്സിഡി ലഭിക്കുമ്പോൾ വനിതകൾക്ക് 8% പലിശ സബ്സിഡി ലഭിക്കുന്നു.<br>**(2) <u>കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ</u>**<br>ചെറുകിട ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് 3500 ലക്ഷം രൂപ വരെ താഴെപ്പറയുന്ന ലോണുകൾ/ സാമ്പത്തിക സഹായങ്ങൾ കെ.എസ്.ഐ.ഡി.സി നൽകി വരുന്നു. |

| ക്രമ നം. | ഇനം | തുക | തിരിച്ചടവ് കാലാവധി | മോറട്ടോറിയം |
|---|---|---|---|---|
| 1 | കാലാവധി വായ്പ | 1 കോടി രൂപ മുതൽ 35 കോടി വരെ | 4 മുതൽ 8 വർഷം വരെ | 2 മുതൽ 3 വർഷം വരെ |
| 2 | ഹ്രസ്വകാല വായ്പ | 1 കോടി രൂപ മുതൽ 3 കോടി വരെ | 1 വർഷം | -- |
| 3 | പ്രവർത്തന മൂലധന കാലാവധി വായ്പ | 1 കോടി രൂപ മുതൽ 20 കോടി വരെ | 4 മുതൽ 8 വർഷം വരെ | -- |
| 4 | യന്ത്ര സാമഗ്രികൾ വാങ്ങാനുള്ള വായ്പ | 1 കോടി രൂപ മുതൽ 35 കോടി വരെ | 4 മുതൽ 8 വർഷം വരെ | -- |

എല്ലാ വായ്പകൾക്കുമുള്ള ഇപ്പോഴത്തെ പലിശ നിരക്കുകൾ 9.25% -11.25% (റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബാങ്ക് നിരക്കുമായി ബന്ധപ്പെടുത്തിയിരിക്കുന്നു) ആണ്. കൂടാതെ, ഓരോ ത്രൈമാസത്തിന്റെയും അവസാനം കുടിശ്ശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ മുക്കാൽ ശതമാനം

| | | | |
|---|---|---|---|
| | | | വരെ ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ വീണ്ടും കുറവ് നൽകി വരുന്നു.<br>കൂടാതെ നല്ല ട്രാക്ക് റെക്കാർഡുള്ള പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വിഭാഗങ്ങൾക്ക് കോർപ്പറേറ്റ് ലോണുകളും മൂലധനസഹായവും കെ.എസ്.ഐ.ഡി.സി. നൽകുന്നുണ്ട്.<br><br>മേൽപറഞ്ഞ ലോണുകൾ, യുവാക്കളും വനിതകളും നടത്തുന്ന കമ്പനികൾക്കും രജിസ്റ്റർ ചെയ്തിട്ടുള്ള പാർട്ട്ണർഷിപ്പുകൾക്കും നൽകി വരുന്നു. ഇതു കൂടാതെ വനിതാസംരംഭകർക്ക് നിലവിലുള്ള വ്യവസായം വിപുലീകരിക്കുവാനും പുതിയത് തുടങ്ങുവാനും **7.5%** പലിശയിൽ **25 ലക്ഷം** വരെ **6 വർഷ** തിരിച്ചടവ് കാലാവധിയിൽ വായ്പ കൊടുക്കുന്ന പദ്ധതി കെ.എസ്.ഐ.ഡി.സി, ആരംഭിച്ചിട്ടുണ്ട്.<br><br>**(3) <u>ഹാൻഡ് ലൂം & ടെക്സ്റ്റൈൽസ് ഡയറക്ടറേറ്റ്</u>**<br><br>കൈത്തറി മേഖലയിൽ സംരംഭകത്വവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനായി വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് സ്വയം തൊഴിൽ പദ്ധതി. ഈ പദ്ധതി പ്രകാരം സംരംഭങ്ങൾ തുടങ്ങുന്നതിന് ബാങ്ക് സഹായത്തിനു അർഹമായ പ്രോജക്ടുകൾക്ക് പദ്ധതി രൂപ രേഖയിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 4 ലക്ഷം രൂപയും പ്രവർത്തന മൂലധന നിക്ഷേപത്തിന്റെ 30% പരമാവധി 1.5 ലക്ഷം രൂപയും മാർജിൻ മണി ഗ്രാന്റായി നൽകുന്നതാണ്. കൈത്തറിയിലോ ടെക്സ്റ്റൈൽസ് ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്കും കൈത്തറി നെയ്ത്തിൽ 10 വർഷത്തെ പ്രവർത്തി പരിചയമുള്ളവർക്കും ഈ പദ്ധതി മുൻഗണന നൽകുന്നു. 2018-19 കാലയളവിൽ 40 ലക്ഷം രൂപ വിവിധ ജില്ലകളിലായി ചെലവഴിച്ചു. 2019-20 വർഷ കാലയളവിൽ 100 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ